# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ : doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ : കെ.എസ്.എ/കെ.എൻ.ആർ/ സി.12/1188/2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയതി: 04/09/2024
ഇ-മെയിൽ : doknr.ksad@kerala.gov.in
ഫോൺ : 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ


പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ /തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

ഓഡിറ്റ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)

2.ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി, കണ്ണൂർ ( ഇ മെയിൽ)

3.ഓഫീസ് കോപ്പി

നമ്പർ : കെ.എസ്.എ/കെ.എൻ.ആർ/ സി.12/1188/2024

തീയതി: 04/09/2024

## കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-07-2023 മുതൽ 07-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2024 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേത് ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ :**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ രാജൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-07-2024 | 17-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-07-2024 | 17-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :**

ശ്രീ.സുരേഷ് ബാബു കെ.വി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീ.ഷിജു എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ.

**(ബി)നിർവ്വഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.വേലായുധൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.അബ്രഹാം തോമസ് | സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീ.ദിവാകരൻ പാറമ്മേൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2023 | 18-07-2023 |
| ശ്രീമതി.മീരാബായി.പി.പി | സെക്രട്ടറി | 19-07-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ |
|---|---|---|
| ശ്രീമതി.ബീന.ആർ | അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 01-04-2023 |

| | | |
|---|---|---|
| ശ്രീമതി.ബോബി.ആർ.എസ് | ക്ഷീരവികസന ഓഫീസർ | 01-04-2023 |
| ശ്രീ.ജയൻ.എം.വി | ക്ഷീരവികസന ഓഫീസർ | 10-08-2023 |
| ശ്രീമതി.മാഗി ജോസ് | ക്ഷീരവികസന ഓഫീസർ | 01-02-2024 |
| ശ്രീ.ഷൈജു.സി | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2023 |
| ശ്രീ.പ്രദീപ്.എൽ.പി | പട്ടികവർഗ്ഗ വികസന ഓഫീസർ | 07-08-2023 |
| ശ്രീമതി.ബിജി തങ്കപ്പൻ | ശിശുവികസനപദ്ധതി ഓഫീസർ,ഇരിട്ടി | 01-04-2023 |
| ശ്രീമതി.ബേബി സുനില.പി.സി | ശിശുവികസനപദ്ധതി ഓഫീസർ,മട്ടന്നൂർ | 01-04-2023 |
| ശ്രീമതി.ബിജി തങ്കപ്പൻ | ശിശുവികസനപദ്ധതി ഓഫീസർ,മട്ടന്നൂർ -ഇൻ ചാർജ് | 01-05-2023 |
| ശ്രീമതി.പ്രമീള.വി | ശിശുവികസനപദ്ധതി ഓഫീസർ,മട്ടന്നൂർ | 09-08-2023 |
| ശ്രീ.നിമിൽ.ആർ.ടി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 |
| ശ്രീ.രശ്മിരാജ്.പി.ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ -അഡീഷണൽ ചാർജ് | 01-04-2023 |
| ശ്രീ.ബാബുരാജ് കൊയിലേരിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 03-05-2023 |
| ശ്രീ.അരുൺ.വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 15-11-2023 |
| ശ്രീ.പ്രദീപൻ.കെ.കെ | വ്യവസായ വികസന ഓഫീസർ | 01-04-2023 |

| | | |
|---|---|---|
| ഡോ : പ്രിയ സദാനന്ദൻ | മെഡിക്കൽ ഓഫീസർ,സി എച്ച് സി ,കീഴ്പ്പള്ളി | 01-04-2023 |
| ഡോ : അനി.ടി.ടി | മെഡിക്കൽ ഓഫീസർ,സി എച്ച് സി ,കീഴ്പ്പള്ളി | 01-07-2023 |
| ഡോ : പ്രിയ സദാനന്ദൻ | മെഡിക്കൽ ഓഫീസർ,സി എച്ച് സി ,കീഴ്പ്പള്ളി | 02-11-2023 |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | മാർച്ച് മാസത്തെ ഹോണറേറിയം, ശമ്പളം എന്നിവ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | വാർഷിക കണക്ക്, എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ചെലവ് പത്രിക എന്നിവയിലെ ചെലവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | MGNREGA ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | പ്രൊജക്റ്റ് നമ്പർ 100/2024 പ്രകാരമുള്ള ചെലവ് സ്റ്റേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-8 |
| 10 | കേരളോത്സവം-2023 പ്രൊജക്റ്റ് (നമ്പർ 1/2024) പ്രകാരമുള്ള മുഴുവൻ ചെലവും സ്റ്റേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | പ്രയർ പിരിയഡ് ഇൻകം അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-1-10 |
| 12 | സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-11 |

| | | |
|---|---|---|
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ഗ്രാമസഭ | 1-11 |
| 24 | രസീത് പുസ്തകങ്ങളുടെ (മാമ്പൽ, സാംഖ്യ)- സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. | 1-12 |
| 25 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. 10,30,986/-രൂപ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. | 1-13 |
| 26 | വാടക-പിരിച്ചെടുക്കുന്നതിൽ വീഴ്ച | 1-14 |
| 27 | വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് വേതനം നൽകിയത് ക്രമപ്രകാരമല്ല.3020/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-15 |
| 28 | അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - കേന്ദ്ര സർക്കാർ വിഹിതം ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 1-16 |
| 29 | അതുല്യം തുടർ സാക്ഷരതാ പരിപാടി- വിനിയോഗരേഖകൾ ഹാജരാക്കിയില്ല.49300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 30 | കണ്ണൂർ വിവര സഞ്ചയിക - തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.22642 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |

| | | |
|---|---|---|
| 31 | എ ബി സി പദ്ധതി - ജില്ലാ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 32 | സ്മാർട്ട് ഐ ഫേസ് 1 – പൊതു ഇടങ്ങളിൽ സിസി ടിവി സ്ഥാപിക്കൽ (സ്പിൽ ഓവർ) - വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 1-20 |
| 33 | പാലരിഞ്ഞാൽ ക്ഷേത്രക്കുളം നിർമ്മാണം- സ്വകാര്യക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തി ഗ്രാമ, ബ്ലോക്ക് പഞ്ചായത്തിന് കൈമാറാതെ നിർമ്മാണപ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല.1999872/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 34 | ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ലാത്തതും ജില്ലാ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ നിയന്ത്രണമില്ലാത്തതുമായ എയ്ഡഡ് മാനേജ് മെന്റ് സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രോജക്റ്റ് തയ്യാറാക്കി നിർവഹണം നടത്തിയതിലെ അപാകം. | 1-22 |
| 35 | സ്ത്രീ പദവി പഠനം- അന്തിമ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.80142 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 36 | തളരുന്നവർക്ക് തണലായി -പാലിയേറ്റിവ് പ്രൊജക്റ്റ് 2023-24,സി.എച്ച്.സി. കിഴ്പ്പള്ളി അടിസ്ഥാന സൗകര്യ വികസനം - മരുന്ന് ലഭ്യമായിട്ടില്ല.8,53,602 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 37 | ആരോഗ്യവകുപ്പിന്റെ അനുമതി ലഭിച്ചില്ല-സി എച്ച് സി കിഴ്പ്പള്ളി ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-25 |
| 38 | കിഴ്പ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ- ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നില്ല | 1-26 |

| | | |
|---|---|---|
| 39 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ സേവന പുസ്തകങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-27 |
| 40 | ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 1-28 |
| 41 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ- അവലോകനം | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 കാഷ് ഫ്ലോ പത്രികയിലെ തിരിച്ചറിഞ്ഞ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പ് നീക്കിയിരിപ്പ് തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് – ₹89,36,653 ആണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത്-₹51,95,415 ആണ്.അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം ഇവ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്തീരാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും ഭരണപരമായ നിർദ്ദേശങ്ങളും അനുസരിച്ച് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 29-05-2024 തീയതിയിലെ 2(1)/24-25 നമ്പർ തീരുമാനം പ്രകാരം അന്തിമമായി 06.06.2024 തീയതിയിൽ, ചുവടെ ചേർക്കുന്ന രേഖകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശകലനങ്ങളുടെ കുറിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
04.09.2024.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-2 ഡെപ്പോസിറ്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകയായ 2737906/- രൂപയുടെയും, ബി-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ് തുകയായ 1129786/- രൂപയുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ തുകകളുടെ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-1-3 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-4 മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 മാർച്ച് മാസത്തെ ഹോണറേറിയം, ശമ്പളം എന്നിവ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭരണസമിതി അംഗങ്ങളുടെ മാർച്ച് 2024 മാസത്തെ സിറ്റിംഗ് ഫീ, ഹോണറേറിയം, താൽക്കാലിക ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം എന്നിവ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-6 വാർഷിക കണക്ക്, എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ചെലവ് പത്രിക എന്നിവയിലെ ചെലവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന ഫണ്ടിനങ്ങളിലെ ചെലവുതുകകൾ വാർഷികകണക്ക്,എ.സി.ആർ, ഗ്രാന്റ് രജിസ്റ്റർ, ചെലവ് പത്രിക എന്നിവയിൽ വ്യത്യസ്തമായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

| ക്രമ നം | ഫണ്ടിനം | എ.സി.ആർ (₹) | വാർഷിക കണക്ക് (₹) | ഗ്രാന്റ് രജിസ്റ്റർ (₹) | സുലേഖ ചെലവ് പത്രിക (₹) |
|---|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 26973435 | 21633836 | 21810836 | 21810836 |
| 2 | വികസന ഫണ്ട്-ടി.എസ്.പി. | 5710171 | 6320171 | 6320171 | 6320171 |
| 3 | മെയിന്റനൻസ് ഫണ്ട് ഗ്രാന്റ്-റോഡ് | 7331627 | 7290909 | 7290909 | 9172543 |
| 4 | മെയിന്റനൻസ് ഫണ്ട് ഗ്രാന്റ്-നോൺറോഡ് | 1998546 | 2039314 | 1881634 | |

## 1-1-7 MGNREGA ബാങ്ക് അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

MGNREGA ബാങ്ക് അക്കൗണ്ട് (CANARA BANK A/Cനമ്പർ 0728101056695) വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-8 പ്രൊജക്റ്റ് നമ്പർ 100/2024 പ്രകാരമുള്ള ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ഗവ.എൽ.പി സ്കൂൾ ടോയ്‌ലറ്റ് ബ്ലോക്ക് നവീകരണം പദ്ധതി (പ്രൊജക്റ്റ് നമ്പർ 100/2024) പ്രകാരം ഈ വർഷം 229891 രൂപയുടെ ചെലവ് ഉണ്ട്. എന്നാൽ പ്രസ്തുത ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-9 കേരളോത്സവം-2023 പ്രൊജക്റ്റ് (നമ്പർ 1/2024) പ്രകാരമുള്ള മുഴുവൻ ചെലവും സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരളോത്സവം 2023 പദ്ധതി (പ്രൊജക്റ്റ് നമ്പർ 1/2024) പ്രകാരം ഈ വർഷം 250000 രൂപയുടെ ചെലവ് ഉണ്ട്. എന്നാൽ 150000/-രൂപയുടെ ചെലവ് മാത്രമാണ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-1-10 പ്രയർ പീരിയഡ് ഇനം അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല.

പ്രയർ പിരിയഡ് ഇനം (ഐഇ 18 ഷെഡ്യൂൾ) ഉൾപ്പെടുത്തിയിട്ടുള്ള തുകയെ സാധൂകരിക്കുന്ന അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-1-11 സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഇല്ലാത്ത ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -11, അക്കൗണ്ട് കോഡ് "411300101" പ്രകാരം ₹ 10297878 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉൾപ്പെടാത്ത റോഡുകൾ, പാലങ്ങൾ തുടങ്ങിയ ആസ്തികൾക്ക് ഡെപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

സർക്കാരിന്റെ 6/07/2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ ശരിയായ തുകകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18-03-2023 തീയതിയിലെ യോഗത്തിലെ 1 (1)/22 നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശിപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 20-03-2023 തീയതിയിൽ ഉച്ചക്ക് ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ 63/23) അന്നേ ദിവസം ഉച്ചക്ക് ശേഷം ചേർന്ന ഭരണസമിതി പ്രത്യേകയോഗത്തിൽ 64/23 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 02-02-2024 തീയതിയിലെ 7-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ നൽകുകയും ഭരണസമിതിയുടെ 07-02-2024തീയതിയിലെ പ്രത്യേകയോഗത്തിലെ 1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.വിശദവിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ്(₹) | 3524000 | 3524000 |
| വരവ്(₹) | 528993600 | 528993600 |
| ആകെ (₹) | 532517600 | 532517600 |
| ചെലവ്(₹) | 526460666 | 529622400 |
| നീക്കിയിരിപ്പ്(₹) | 6056934 | 2895200 |

തന്വർഷത്തേക്കുള്ള ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 52.90കോടി രൂപയായിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 5കോടി രൂപ മാത്രമാണ്. ബജറ്റ് പ്രകാരം തന്വർഷത്തെ പ്രതീക്ഷിത ചെലവ് 52.64 കോടി രൂപ ആയിരിക്കെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ് 5.25കോടി രൂപ മാത്രമാണ്. ഇപ്രകാരം ബജറ്റ് തുകകളിൽ നിന്ന് യാഥാർത്ഥ്യത്തിന് അതീതമായ വ്യതിയാനം നിലനിൽക്കുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി വിപുലമായ

ആസൂത്രണപ്രക്രിയയുടെ ക്രോഡീകരിച്ച് തയ്യാറാക്കുന്ന ഓഡിറ്റ് ഒരു ധനവിനിയോഗ നിയന്ത്രണത്തിനും വിശകലനത്തിനുമുള്ള ശാസ്ത്രീയമായ ഒരു ഉപകരണം (Tool) എന്ന നിലയിൽ ഒരു തരത്തിലും പ്രയോജനപ്പെടുന്നില്ല. കൂടാതെ നിയമവ്യവസ്ഥയുടെ അനാദരവിനാലുമായി ഓഡിറ്റ് നടപടികൾ ഏറ്റെടുക്കുന്ന പ്രവണത ശരിയാക്കപ്പെടേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ്(₹) | 23256574 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(₹) | 50779798 |
| ആകെ(₹) | 74036372 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 59716451 |
| നീക്കിയിരിപ്പ്(₹) | 14319921 |
| വരവിനങ്ങളിലുള്ള നഷ്ടം(₹) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(₹) | 3020 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹) | 3382558 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ് ലഭിച്ചത് (₹) | ആകെ (₹) | ചെലവ് (₹) | ലാപ്സായ തുക/ നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 29321744 | 29321744 | 21810836 | 7510908 |
| വികസനഫണ്ട് എസ്.സി.പി | 0 | 2749256 | 2749256 | 1093265 | 1655991 |
| വികസനഫണ്ട് ടി.എസ്.പി | 0 | 10538000 | 10538000 | 6320171 | 4217829 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 3176000 | 3176000 | 2101321 | 1074679 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 5089258 | 3657000 | 8746258 | 7331677 | 1414581 |
| ധനകാര്യ കമ്മീഷൻ | 678793 | 4876000 + 145052 (പലിശ) | 5554793+145052 | 1998546 | 3556247 + 145052 (പലിശ) |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് (ജനറൽ) | | | | | |
| എം പി ഫണ്ട് | 4849 | 132 | 4981 | 0 | 4981 |
| ടി എസ് സി | 1173163 | 1064963 | 2238126 | 2104627 | 133499 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് (കോർപ്പസ് ഫണ്ട്) | 943794 | 0 | 943794 | 0 | 943794 |
| ഹെൽത്ത് ഗ്രാന്റ് ഫണ്ട് | 1373380 | 0 | 1373380 | 1236852 | 136528 |
| എസ് ടി ഫണ്ട് | 199854 | 0 | 199854 | 0 | 199854 |

*വികസനഫണ്ട് ടി.എസ്.പി ഇനത്തിൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് തുക രജിസ്റ്ററിലെ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ₹61000ത്തിന്റെ വ്യത്യാസം ഉണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റിന്റെ രണ്ടാം ഗഡു ,മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) മൂന്നാം ഗഡു എന്നിവ ബ്ലോക്ക് പഞ്ചായത്തിന് 2023-24 വർഷം അലോട്ട്മെന്റായി ലഭിച്ചിട്ടില്ല. പൊതു ഉദ്ദേശ്യ ഗ്രാന്റ് 2023-24 വർഷം അവസാന മൂന്ന് ഗഡുക്കൾ ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗ്രാന്റ് ഇനം | ബജറ്റ് വിഹിതം (₹) | ലഭിച്ച ഗ്രാന്റ് (₹) | കുറവ് (₹) | റിമാർക്സ് |
|---|---|---|---|---|---|
| 1 | കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് (പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്- ബേസിക്) | 73,14,000 | 36,57,000 | 36,57,000 | 2023-24 രണ്ടാം ഗഡു വിഹിതം 36,57,000/-രൂപ 2024-25 സാമ്പത്തിക വർഷം ലഭിച്ചു |
| 2 | മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ്) | 47,64,000 | 3176000 | 1588000 | - |
| 3 | പൊതു ആവശ്യ ഫണ്ട് | 70,69,000 | 53,01,900 | 17,67,100 | - |
| | ആകെ | | | 7012100 | |

മേൽ പട്ടിക പ്രകാരം സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി അനുവദിച്ച തുകയിൽ 7012100/- രൂപ ബ്ലോക്ക് പഞ്ചായത്തിന് വർഷാന്ത്യം ലഭിച്ചില്ല. പ്രസ്തുത തുകയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ബേസിക് ഫണ്ടിനത്തിലെ 2023-24വർഷത്തെ രണ്ടാം ഗഡു തുകയായ 36,57,000-രൂപ 2024-25 സാമ്പത്തികവർഷം ലഭിച്ചത് കുറവ് ചെയ്താൽ ബ്ലോക്ക് പഞ്ചായത്തിന് ആകെ 33,55,100/- രൂപയുടെ ബജറ്റ് വിഹിതം ലഭിച്ചില്ല. ഇതിന് പുറമേ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിക്കാതെ വന്നതിനാലും അംഗീകാരം ലഭിച്ച

പ്രോജക്ട് നിർവഹണം നടത്തുവാൻ സാധിക്കാതെ വന്നതിനാലും ആകെ *1,78,04,607* രൂപയാണ് (ലഭിക്കാതിരുന്ന ബജറ്റ് വിഹിതം 33,55,100/-രൂപ + മുൻവർഷം വിനിയോഗിക്കാതിരുന്ന 1,44,59,507/-രൂപ) ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാതെ നഷ്ടമായ ലാപ്സാകേണ്ടി ചെയ്യപ്പെടുകയുണ്ടായി. കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെട്ട 2023-24 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 145052/- രൂപ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അക്കൗണ്ടുകളിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അക്കൗണ്ടിന്റെ കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച പ്രകാരമുള്ള കണക്കുകൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 133 | 93765239 | 79 | 45171371 | 14 | 65 | 54 | 48.87 |

നിർവ്വഹണ ഉദ്യോഗസ്ഥന്മാർ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ പ്രകാരം ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 9 | 7 | 4704610 | 2812018 | 59.77 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 31 | 20 | 20826577 | 13453780 | 64.60 |
| മെഡിക്കൽ ഓഫീസർ- പിഎച്ച്സി/സിഎച്ച്സി | 10 | 8 | 8078107 | 5249404 | 64.98 |
| ഡെയറി എക്സ്റ്റൻഷൻ | 1 | 1 | 100000 | 95489 | 95.49 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 2 | 2 | 2460000 | 935121 | 38.01 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 3700000 | 2481884 | 67.08 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 2 | 5505062 | 510000 | 9.26 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,എൽ എസ് ജി ഡി. | 2 | 1 | 400000 | 22506 | 5.63 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 72 | 36 | 47990883 | 19611249 | 40.86 |
| ആകെ | 133 | 79 | 93765239 | 45171371 | 48.17 |

ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) രണ്ടാം വാർഷിക പദ്ധതിക്ക് (2023-24 ) ജില്ലാ ആസൂത്രണ സമിതിയുടെ 68/2023/DPC/DPO/KNRതീയതി 14.03.2024 നമ്പർ ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിരുന്നു. വാർഷികപദ്ധതിയിൽ 56 സ്പിൽഓവർ പ്രോജക്ടുകളും 77 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 133 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 93765239/- രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രാഥമിക കരട് തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിരുന്നു. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനങ്ങൾ | തീയതി/കമ്മറ്റി തീരുമാനം |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 07/1/2023 |
| ആസൂത്രണസമിതിയോഗം | ചേർന്നിട്ടില്ല |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 12/01/2023 |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 07/01/2023 |
| വികസനസെമിനാർ | 10/02/2023 |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചു | 09/03/2023 |
| വാർഷികപദ്ധതി ഡി പി സി അംഗീകാരം (അന്തിമ) | 14/03/2024 |

| | |
|---|---|
| | |

പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 133 പ്രോജക്ടുകളിൽ 79 എണ്ണം മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 10 നിർവ്വഹണോദ്യോഗസ്ഥരാണ്. വിവിധ സ്രോതസ്സുകളിൽ നിന്നായി 93765239/-രൂപ വകയിരുത്തിയതിൽ 45171371/- രൂപ മാത്രമാണ് ചെലവഴിക്കാനായത്. വാർഷിക പദ്ധതി ചെലവ് 48.17% മാത്രം.

പദ്ധതി നിർവ്വഹണം- ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുസ്ഥിതി

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2023-24 ൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയുണ്ടായി. കാർഷികമേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് പദ്ധതി രേഖയിൽ നടന്നത്. എന്നാൽ വകയിരുത്തിയ ഫണ്ട് മുഴുവൻ ചെലവഴിക്കാൻ സാധിച്ചില്ല. ഉല്പാദന മേഖലയിൽ കർഷകർക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിനും സാധിച്ചിട്ടില്ല. സാന്ത്വനപരിചരണം, മരാമത്തുകൾ, CHCയുടെ അടിസ്ഥാന വികസനം എന്നിവയായിരുന്നു മുൻഗണനാമേഖലയിലെ പ്രോജക്ടുകൾ. പൊതുവിഭാഗത്തിൽ ഗ്രാന്റുകളിൽ 37 സ്പിൽഓവർ പ്രോജക്ടുകളും 35 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ 72 പ്രോജക്ടുകളിൽ 36 എണ്ണത്തിന് മാത്രമേ ഭാഗിക വർഷം ചെലവ് വന്നിട്ടുള്ളൂ. പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണ ഘട്ടങ്ങൾ എന്നിവയിലൊന്നും മോണിറ്ററിംഗ് ഉണ്ടായില്ലായെന്നത് വാർഷിക പദ്ധതിയുടെ നടത്തിപ്പിന്റെ ഒരു പോരായ്മയാണ്. നിർവഹണ ഉദ്യോഗസ്ഥതല പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിങ്ങുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനുപുറം ഫീൽഡുതല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ ഉൾപ്പെടെയുള്ള യഥാർത്ഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.സ്ഥിരംസമിതി,സ്റ്റിയറിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമേ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

വാർഷികപദ്ധതി വിലയിരുത്തൽ

അസി.എഞ്ചിനീയർ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ-കൃഷി എന്നീ നിർവ്വഹണോദ്യോഗസ്ഥർക്ക് പ്രോജക്ട് നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞില്ല. ഡെയറി എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ എസ് ജി ഡി എന്നീ നിർവഹണ ഉദ്യോഗസ്ഥർക്ക് കാര്യമായ പ്രോജക്ടുകൾ ഇല്ല. ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് 9.26% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

**വിനിയോഗത്തിലെ കുറവ് – 1.45 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.**

നിർവഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും ശരി തിരുത്തലുകളോടെ സമയബന്ധിതമായി ബില്ലുകൾ മാറാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടുകൾ വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | അലോട്ട്മെന്റ് വരവ് | ചെലവ് | ലാപ്സായ തുക( സഞ്ചിത നിധിയിലേക്ക് തിരികെ എടുത്ത തുക) |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 29321744 | 21810836 | 7510908 |

| | | | |
|---|---|---|---|
| വികസന ഫണ്ട് എസ് സി പി | 2749256 | 1093265 | 1655991 |
| വികസന ഫണ്ട്-ടി എസ് പി | 10538100 | 6320171 | 4217929 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 3176000 | 2101321 | 1074679 |
| ആകെ | 4,57,85,100 | 3,13,25,593 | 1,44,59,507 |

സ.ഉ(കൈ)നം.79/2021/തസ്വഭവ തീയതി 15.07.2021 പ്രകാരം വികസനഫണ്ടിലെ പൊതുവിഭാഗം സാധാരണവിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തികവർഷം അനുവദിച്ച തുകയിൽ നിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ) തൊട്ടടുത്ത വർഷം അനുവദിക്കുന്നതാണ്. ചിലവ് ശതമാനം 80 ൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ലാപ്സാകുന്ന തുകയാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിക്കുന്ന ഇപ്രകാരമുള്ള ലാപ്സാകുന്ന തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതാണ്. 2023-24 വർഷം ബ്ലോക്ക് പഞ്ചായത്തിൽ ഒരു വിഭാഗ ഫണ്ടിനത്തിലും 80% ചെലവ് കൈവരിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഫണ്ടിന്റെ 39.77 ശതമാനവും പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ 59.97 ശതമാനവും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, മുകളിൽ സൂചിപ്പിച്ച പ്രകാരം പട്ടികജാതി വികസന ഫണ്ടിനത്തിൽ ₹3196449 (1086140+ പട്ടികവർഗ്ഗ വികസന ഫണ്ടിനത്തിൽ 2110309) 2024-25 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിൽ നിന്നും പരിഹാരവകയിരുത്തൽ നടത്തുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കുന്ന വികസന ഫണ്ടിൽ 2024-25 വർഷം കുറവ് വരുന്നതിന് ഇടയാകും. തദ്വർഷം 80%-ൽ അധികം തുക ചെലവഴിക്കാത്ത ലാപ്സ് പോകുന്ന ഫണ്ടിനങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2024-25ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ലാപ്സ് പോകുന്ന ഇനത്തിൽ നഷ്ടമാകുന്ന തുക (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 29321744 | 21810836 | 7510908 | 74.38 | 5864349 | 1646559 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (SCP) | 2749256 | 1093265 | 1655991 | 39.77 | 569851 | 1086140 |
| വികസന ഫണ്ട് (TSP) | 10538100 | 6320171 | 4217929 | 59.97 | 2107620 | 2110309 |

*പട്ടികജാതി ഉപപദ്ധതി വിഹിതം ,പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയുടെ വിനിയോഗം 80 ശതമാനത്തിൽ കുറവായതിനാൽ ₹3196449 (1086140+2110309) അധിക്യം തുകകൾ തൊട്ടടുത്ത വർഷത്തെ പൊതുവിഭാഗം സാധാരണവിഹിതത്തിൽ നിന്നും പട്ടികജാതി/വർഗ്ഗ ഉപപദ്ധതി വിഹിതത്തിലേയ്ക്ക് പരിഹാരവകയിരുത്തൽ നടത്തണം .
പദ്ധതിച്ചെലവില്ലാതാകുന്ന കുറവ് ഗുണഭോക്താക്കളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സമിതികളുടെ അടിയന്തരശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് (₹) | ഈ വർഷം വരവ് (₹) | ആകെ (₹) | ഈ വർഷം ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| 2184647.10 | 1409665 | 3594312.1 | 2511240 | 1083072.10 |

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് ഭരണ ചെലവിനത്തിൽ ₹ 1409665 തുകകൾ ലഭിച്ചിട്ടുണ്ട്. മുന്നിരിപ്പ് ₹2184647.1 ഉൾപ്പെടെ ₹3594312.1 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും തനത് ഫണ്ടിലേക്ക് ക്രമീകരിക്കാൻ ബാക്കിയുണ്ടായിരുന്നു. ഇതിൽ ഈ വർഷം ക്രമീകരിച്ച തുകയായ ₹2511240 കഴിച്ച് ബാക്കി ₹1083072.1 ക്രമീകരിക്കാൻ ബാക്കിയുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക തനത് ഫണ്ടിലേക്ക് ക്രമീകരിക്കേണ്ടതാണ്. ബാലൻസ് ഷീറ്റ് ബി.18 ഷെഡ്യൂളിൽ Advance To Others എന്ന ഇനത്തിൽ ക്രമീകരിക്കാൻ ബാക്കിയായി കാണിച്ചിരിക്കുന്നത് ₹1076546 രൂപയാണ് ക്യാഷ് ബുക്ക് പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ളത് ₹1083072.10 ആണ്. ഇതിൽ 6526.10 രൂപയുടെ വ്യത്യാസം കാണുന്നുണ്ട്.

സാമ്പത്തികവർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ കൈവരിച്ച നേട്ടങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ലക്ഷ്യമിട്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | ചെലവ് (ലക്ഷത്തിൽ) | | | | |
|---|---|---|---|---|---|---|---|
| | | | അൺ സ്കിൽഡ് | സ്കിൽഡ് /സെമി സ്കിൽഡ് | മെറ്റീരിയൽ | ടാക്സ് | ആകെ ചെലവുകൾ |
| ആറളം | 202027 | 301244 | 973.63 | 19.84 | 153.97 | 0 | 1147 |
| അയ്യൻകുന്ന് | 115887 | 100098 | 339.04 | 8.36 | 62.63 | 0 | 410 |
| പടിയൂർ | 94222 | 99833 | 333.28 | 9.54 | 30.81 | 0.29 | 373.9 |
| ഉളിക്കൽ | 101169 | 100836 | 339.16 | 13.61 | 24.6 | 0 | 377.4 |
| പായം | 131405 | 104657 | 350.52 | 13.52 | 57.48 | 0 | 421.5 |
| തില്ലങ്കേരി | 107553 | 107517 | 358.55 | 18.01 | 78.14 | 0 | 454.7 |

| | | | | | | | |
|---|---|---|---|---|---|---|---|
| ആകെ | 752263 | 814185 | 2694.18 | 82.88 | 407.63 | 0.29 | 3185 |

ആറ് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ലക്ഷ്യമിട്ടതിനേക്കാളും കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചത് നേട്ടമാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നതിനാൽ ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യസുരക്ഷ പെൻഷനുകൾക്ക് തുക ചെലവഴിച്ചിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-07-2024 ന് ഹെഡ് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം ക്യാഷ് നീക്കിയിരിപ്പില്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തനത് വരുമാനവർദ്ധനവിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. വാടകയിലും വാടക ഡെപ്പോസിറ്റിലും കാലികമായ വർദ്ധനവ് വരുത്തി തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വാടകയിനത്തിൽ കടിശ്ശിക വരുത്താതെ തനത് സാമ്പത്തികവർഷം തന്നെ മുഴുവൻ തുകയും പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പലതിലും മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കൃത്യമായ ഇടവേളകളിൽ പ്രോജക്ടുകൾ വിലയിരുത്തി പുരോഗതി ഉറപ്പാക്കൽ മോണിറ്ററിംഗ് നടത്തേണ്ടതാണ്. വാർഷിക പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനത്തിന് വിധേയമാക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും തങ്ങൾക്ക് ചുമതലയുള്ള മേഖലകളിലെ പ്രോജക്ടുകളുടെ നിർവ്വഹണം ഫലപ്രദമായി മോണിറ്ററിംഗ് നടത്തുന്നില്ല. മോണിറ്ററിംഗിന്റെ അഭാവം മൂലം പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് ബാക്കി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. വിവിധ ഗ്രാമപഞ്ചായത്തുകളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതെങ്കിലും അതാത് ഗ്രാമപഞ്ചായത്തിനെ അറിയിച്ച് അവരുടെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. അപാകതകൾ പരിഹരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മുൻ ഓഡിറ്റുകൾ തീർപ്പാക്കലിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 102 ഖണ്ഡങ്ങൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്

റിപ്പോർട്ടിലെ (2009-10 മുതൽ 2013-14 വരെ) 6 തടസ്സങ്ങളും തീർപ്പാക്കാതെ ബാക്കിയുണ്ട്. തടസ്സങ്ങൾ തീർപ്പാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഗ്രാമസഭ

ബ്ലോക്ക് പഞ്ചായത്തിൽ 12.01.23, 27.12.23 തീയതികളിലായി രണ്ട് തവണ ഗ്രാമസഭയ്ക്ക് സമാനമായ യോഗം ചേർന്നിട്ടുണ്ട്. 12.01.23 തീയതിയിലെ യോഗം 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടും 27.12.23 തീയതിയിലെ യോഗം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണത്തിന് വേണ്ടിയുള്ളതുമാണ്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ മിനിറ്റ്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 രസീത് പുസ്തകങ്ങളുടെ (മാന്വൽ, സാംഖ്യ)- സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

രസീത് പുസ്തകങ്ങൾ സ്റ്റോക്കിലുള്ളതിനാൽ പാനൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാങ്ങി നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന രസീത് പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നു (ബുക്ക് നമ്പർ 1836, TR-5 സ്റ്റോക്ക് രജിസ്റ്റർ പ്രകാരം). ഈ രസീത് പുസ്തകം വഴി 6-4-2024 മുതൽ മാത്രമാണ് പണം സ്വീകരിച്ചിട്ടുള്ളത്. ഇതിനു മുൻപ് ഉപയോഗിച്ച മാന്വൽ രസീതുകളും അവ സ്റ്റോക്കിലെടുത്തതിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെയും രേഖകളും സാംഖ്യ രസീതിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി 17-07-2024 ന് 20-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് 05-09-2012 ന് ഗ്രാമപഞ്ചായത്തിൽ നിന്നും 5 മാന്വൽ രസീത് ബുക്ക് വാങ്ങിയതിൽ 4 എണ്ണം ഇഷ്യു ചെയ്തിട്ടുണ്ടെന്നും ബാക്കി ഒരെണ്ണവും സ്റ്റോക്ക് രജിസ്റ്ററും 2018 ൽ ഓഫീസിൽ വെള്ളം കയറിയപ്പോൾ നശിച്ചുപോയി എന്നും അതിനു ശേഷം 16-12-2021 ന് ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു രസീത് പുസ്തകം വാങ്ങുകയും ആയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ LSGD ക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം (സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ) നൽകുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സാംഖ്യ രസീതിന് നിലവിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നാളിതുവരെ ഉപയോഗിച്ച മാന്വൽ രസീത് ബുക്കുകളുടെയും സാംഖ്യ രസീതിന്റെ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യതയോടെ പരിപാലിക്കേണ്ടതും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. 10,30,986/-രൂപ പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി അടക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ കനറാ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും, ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ആദ്യഘട്ടത്തിൽ ചെയ്തിരുന്നത്. പിന്നീട് നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ തന്നെ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫീസിനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഇ-ടെണ്ടർ ഫീസിനത്തിൽ ഇതിൽ ബ്ലോക്ക് പഞ്ചായത്തിന് ഒരു തുകയും ഇതുവരെ ലഭിച്ചിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചതിന് ശേഷം

ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇരിട്ടി ശാഖയിലെ 37145507148 നമ്പർ കറന്റ് അക്കൗണ്ടിലേക്ക് ക്രെഡിറ്റായിട്ടുണ്ട്. ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പലിശ രഹിത കറന്റ് അക്കൗണ്ടിലുള്ള തുക ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാതെ നിലനിർത്തിയിരിക്കുന്നതായി കാണുന്നുണ്ട്. 01-04-2023 മുതൽ 31-03-2024 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31-03-2024 തീയതിയിൽ 10,30,986/-രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ നിലവിൽ വന്ന ഘട്ടത്തിൽ എല്ലാ പഞ്ചായത്തുകളിലും പരിശീലനം ലഭിച്ച വേണ്ടത്ര ഉദ്യോഗസ്ഥർ ഇല്ലാതിരുന്ന സാഹചര്യത്തിൽ, ഈ കാര്യാലയത്തിന് കീഴിലെ വിവിധ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെയും ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും ഇ-ടെണ്ടർ ഈ കാര്യാലയത്തിൽ നിന്നും ചെയ്തിരുന്നതിനാലും എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് എല്ലാ പ്രവൃത്തികളുടെയും ഇപ്രകാരം ചെയ്തതെന്ന് ഇതുവരെ കാലത്തെ ഇ-ടെണ്ടർ രേഖകൾ പരിശോധിച്ച് വ്യക്തമാക്കുന്നതിന് കാലതാമസമെടുക്കുന്നതും കൂടാതെ ഇതിനാലുള്ള ചില പ്രവൃത്തികളുടെ നിരതദ്രവ്യം തിരികെ ചെയ്യേണ്ടതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട് ആയതിനാൽ ഈ കാര്യത്തിന്റെ ബാങ്ക് അക്കൗണ്ടിലുള്ള 10,30,986/- രൂപ പൂർണ്ണമായും ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കാനുള്ളതല്ലെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 11/11-07-2024) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി. പ്രസ്തുത അക്കൗണ്ടിലെ ഇടപാടുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറുപടി പരിശോധിച്ച് നിജസ്ഥിതി ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. പലിശ രഹിത കറന്റ് അക്കൗണ്ടിലുള്ള തുക ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുക ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക-പിരിച്ചെടുക്കുന്നതിൽ വീഴ്ച

1. വാടക വരവ് - 10% വാടക വർദ്ധനവ് എന്ന തീരുമാനം നടപ്പാക്കിയില്ല.

കോവിഡ് കാലത്ത് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ മുറികളുടെ വാടക കുറച്ച് കൊടുത്തു കൊണ്ടുള്ള തീരുമാനം റദ്ദ് ചെയ്യുന്നതിനും കോവിഡിന് മുമ്പുള്ള കാലത്ത് നിശ്ചയിച്ച വാടക പുനഃസ്ഥാപിക്കുന്നതിനും ഇതിന് അടുത്ത കരാർ പുതുക്കുന്ന സമയത്ത് മുമ്പത്തെ മുറികൾക്കും പത്ത് ശതമാനം വർദ്ധനവ് വരുത്തുന്നതിനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വന്ന ശിപാർശ ഭരണ സമിതി യോഗം ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ കോവിഡ് കാലത്ത് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ മുറികളുടെ വാടക കുറച്ച് കൊടുത്തു കൊണ്ടുള്ള തീരുമാനം റദ്ദ് ചെയ്യുന്നതിനും കോവിഡിന് മുമ്പുള്ള കാലത്ത് നിശ്ചയിച്ച വാടക പുനഃസ്ഥാപിക്കുന്നതിനും ഇതിന് അടുത്ത കരാർ പുതുക്കുന്ന സമയത്ത് മുമ്പത്തെ മുറികൾക്കും പത്ത് ശതമാനം വാർഷിക വർദ്ധനവ് വരുത്തുന്നതിനും 26-07-2023 ലെ ഭരണസമിതി യോഗം തീരുമാനമെടുത്തിരുന്നു (തീരുമാന നമ്പർ : 1/15-2023-24, തീയതി 26-07-2023). കുറവ് വരുത്തിയ വാടക 2023 സെപ്റ്റംബർ മുതൽ പഴയ നിരക്കിൽ പുനഃസ്ഥാപിച്ചിട്ടുണ്ടെങ്കിലും വാടകക്കാരുടെ നിരന്തരമായ അപേക്ഷയുടെ അടിസ്ഥാനത്തിൽ 26-07-2024 ലെ ഭരണസമിതിയിൽ ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച് അജണ്ട ചർച്ച ചെയ്യുകയും 7/1-2023-24 നമ്പർ തീരുമാന പ്രകാരം 10% വാടക വർദ്ധനവ് കുറച്ച് 5% വർദ്ധനവ് ആക്കി നിജപ്പെടുത്തുന്നതിന് അംഗീകാരം നൽകി തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ തീരുമാന രജിസ്റ്ററിൽ 10% വാടക വർദ്ധനവ് കുറച്ച് എന്ന ഭാഗം രേഖപ്പെടുത്താൻ വിട്ടുപോയിരുന്നു എന്നും പ്രസ്തുത തീരുമാനം അടുത്ത ഭരണസമിതിയിൽ ചർച്ച ചെയ്ത് സ്ഥിരീകരണം വരുത്തി സമർപ്പിക്കുന്നതാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/15-07-2024) മറുപടി നൽകിയിട്ടുണ്ട്. വാടക ഇളവുകളുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകളിലെ വ്യവസ്ഥ പ്രകാരം വാടകയിൽ വർഷാവർഷം കാലികമായ വർദ്ധനവ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2. 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരവും ഒല്ലൂക്കര പഞ്ചായത്തിൽ സൂക്ഷിച്ച വാടക രജിസ്റ്റർ പ്രകാരവും ആകെ ₹127015 വാടകയിനത്തിൽ കുടിശ്ശികയുണ്ട്. കുടിശ്ശികയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | റൂം നമ്പർ | വാടക (₹) | ഡിമാന്റ് (₹) | വരവ് (₹) | കുടിശ്ശിക (₹) |
|---|---|---|---|---|---|---|
| 1 | മണിക്കുട്ടി | 2935 | 4000 | 55000 | 49000 | 6000 |
| 2 | ഫുഡ് & സപ്ലൈ | 2942 | 1710 | 41040 | 20520 | 20520 |
| 3 | ഷമീർ ടി പി | 2939 | 6850 | 17235 | 10385 | 6850 |
| 4 | ദൈവാനുഗ്രഹം | 2945 | 7000 | 112000 | 100000 | 12000 |
| 5 | ജിൻസി എ എ | 200 A | 5100 | 61200 | 25500 | 35700 |
| 6 | ജിൻസി എ എ | 200 D | 5100 | 25500 | 20400 | 5100 |
| 7 | ഗോപാലകൃഷ്ണൻ കെ. കെ. | 319 B-E | 4870 | 40845 | 0 | 40845 |
| | ആകെ | | 34630 | 352820 | 225805 | 127015 |

മേൽപ്പറഞ്ഞ കുടിശ്ശികയിൽ ക്രമ നമ്പർ 3, 5, 6 എന്നിവർ തുക ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് വേതനം നൽകിയത് ക്രമപ്രകാരമല്ല 3020/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഒല്ലൂക്കര പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് ശ്രീ. ഉണ്ണികൃഷ്ണൻ .കെ എന്നയാൾക്ക് ചെക്ക് നമ്പർ : 9463154, തിയതി 4-8-23 പ്രകാരം 3020/- രൂപ നൽകിയിട്ടുണ്ട്. വാർഷിക കണക്കുകൾ തയ്യാറാക്കേണ്ടത് ഒല്ലൂക്കര പഞ്ചായത്തിന്റെ ചുമതലയാകയാൽ ഇപ്രകാരം തുക നൽകിയതിന്റെ ആവശ്യകത വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം:17/15/7/24) നൽകിയ മറുപടിയിൽ AFS തയ്യാറാക്കുന്നതിൽ വിദഗ്ദ്ധ പരിശീലനത്തിന്റെ അഭാവം കാരണമാണ് ഇത്തരത്തിൽ വാർഷിക കണക്കുകൾ തയ്യാറാക്കേണ്ടി വന്നത് എന്നാണ് അറിയിച്ചത്. ക്രമപ്രകാരമല്ലാതെ നൽകിയ 3020/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - കേന്ദ്ര സർക്കാർ വിഹിതം ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമല്ല.

കേന്ദ്രസർക്കാരിന്റെ അപ്രന്റിസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി അപ്രന്റിസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റിസ് ട്രെയിനികൾക്കും 2016 ഒക്ടോബർ മുതൽ സ്റ്റൈപ്പന്റിന്റെ 25% പരമാവധി ₹1500 പ്രതിമാസം കേന്ദ്ര സർക്കാർ നല്കുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26-09-2016 ലെ എഫ്.സി-1/21777/2016 നമ്പർ കത്ത്, വ്യവസായ പരിശീലന വകുപ്പ് ആർ.ഐ. സെന്റർ, കണ്ണൂർ അസിസ്റ്റന്റ് അപ്രന്റിസ്ഷിപ്പ് അഡ്വൈസറുടെ 07.10.2022ലെ RIC/KNR/83/2022-A3 നമ്പർ കത്ത് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് നല്കിയ ഇനത്തിൽ 2023-24 വർഷം സ്റ്റൈപന്റ് ഇനത്തിൽ ആകെ ₹104322 ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ 25% കേന്ദ്ര സർക്കാരിൽ നിന്നും തിരികെ ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമായതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നമ്പർ 7/10-7-24) ലഭ്യമാക്കിയ മറുപടിയിൽ 2020 ജനുവരി മുതൽ 2022 മാർച്ച് വരെ ലഭ്യമാവാനുള്ള തുക റീഇമ്പേഴ്സ് ചെയ്യുന്നതാണെന്ന് R I C അറിയിച്ചതിനെ തുടർന്ന് റീഇമ്പേഴ്സ് ആയി വരേണ്ട തുക ലഭിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിച്ചിട്ടുണ്ട് എന്നും, 2022 ഡിസംബർ മുതൽ 2023 ജൂൺ വരെയുള്ള തുക ലഭിക്കുന്നതിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. അപ്രന്റിസ് സ്റ്റൈപ്പന്റ് ഇനത്തിൽ ലഭ്യമാവാനുള്ള കേന്ദ്രവിഹിതം മുഴുവനായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 അതുല്യം തുടർ സാക്ഷരതാ പരിപാടി-വിനിയോഗരേഖകൾ ഹാജരാക്കിയില്ല 49300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അതുല്യം തുടർ സാക്ഷരതാ പരിപാടി എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 15/24, അതുല്യം തുടർ സാക്ഷരതാ പരിപാടി |
| അടങ്കൽ ₹150000 | ₹99050 വികസന ഫണ്ട്, ജനറൽ<br>₹50950 തനത് ഫണ്ട് |
| ചെലവ്, ബിൽ നമ്പർ, തിയ്യതി (എ സി ആർ പ്രകാരം) | ₹30050, 14/03-07-2023 (വികസന ഫണ്ട്)<br>₹69000, 37/15-07-2023 (വികസന ഫണ്ട്)<br>₹49300, 109/01-12-2023 (തനത് ഫണ്ട്)<br>ആകെ ₹148350 |

അതുല്യം തുടർ സാക്ഷരതാ പരിപാടിയുടെ ഭാഗമായി 2021-22 ലെ പദ്ധതി പ്രകാരം സാക്ഷരതാ മിഷന് നൽകാനുള്ള ₹30050 ഉം 2023-24 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി ഹയർസെക്കന്ററി തുല്യതാ രണ്ടാം വർഷം കോഴ്സ്ഫീസ് ₹2300 വീതം 30 പഠിതാക്കൾക്ക് ₹69000 ഉം കൂടി ആകെ

₹100000-യാണ് വകയിരുത്തിയിരുന്നത്. പഠനാവശ്യം ഇടയ്ക്കായിൽ അധികമായി രജിസ്റ്റർ ചെയ്ത 8 പേർക്കും ഹയർസെക്കന്ററിയിൽ രജിസ്റ്റർ ചെയ്ത 15 പേർക്കും വേണ്ടി ₹50000 വർദ്ധിപ്പിച്ച് ആകെ ₹150000 ആക്കി ഭേദഗതി വരുത്തിയ ശേഷം പ്രോജക്ടിൽ ₹30050 ഉം ₹69000 ഉം കൈപ്പറ്റിയതിന്റെ രസീതും വിനിയോഗ സാക്ഷ്യപത്രവും കേരള സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമായിട്ടുണ്ട്. ബിൽ നമ്പർ 109/01-12-2023 പ്രകാരം സാക്ഷരതാ മിഷന് അനുവദിച്ച ₹49300 ന്റെ കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യപത്രവും പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി 2/10-7-2024 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഹയർ സെക്കന്ററി വിഭാഗത്തിൽ 15 പേരുടെ ഫീസ് അടച്ചിരുന്നെങ്കിലും 10 പേർ മാത്രമാണ് ക്ലാസിൽ പങ്കെടുത്തിട്ടുള്ളത്. ഫീസടച്ചിട്ടും കുട്ടികൾ ക്ലാസ്സിൽ ഹാജരാകാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി 9/10-07-2024 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന്, ക്ലാസ്സിൽ പങ്കെടുക്കാത്ത 5 പേരെ 2024-25 സാമ്പത്തിക വർഷം നടക്കുന്ന ബാച്ചിൽ പങ്കെടുപ്പിച്ച് പഠനം പൂർത്തീകരിക്കുന്നതാണ് പരീക്ഷ എഴുതിക്കുന്നതാണ് എന്നാൽ പ്രേരക് സമർപ്പിച്ച മറുപടി സഹിതം സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹49300 ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീതും വിനിയോഗ സാക്ഷ്യപത്രവും മുഴുവൻ പഠിതാക്കളും കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 കണ്ണൂർ വിവര സഞ്ചയിക - തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.22642 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ആസൂത്രണ പ്രക്രിയയ്ക്ക് ആവശ്യമായ വസ്തുത വിവരങ്ങൾ ശേഖരിക്കുകയും അവ ക്രോഡീകരിച്ചുകൊണ്ട് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യുന്നതിനായുള്ള കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2023-24 വർഷത്തെ സംയുക്ത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ പ്രകാരം സമഗ്ര വിവര ശേഖരണത്തിനായി പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ , പേര് | 25/24, കണ്ണൂർ വിവര സഞ്ചയിക |
| അടങ്കൽ | ₹100000, തനത് ഫണ്ട് |
| ചെലവ്, ബിൽ നമ്പർ/ തീയതി (എ സി ആർ പ്രകാരം) | ₹22642, 108/08-12-2023 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാർഡ്തല സൂപ്പർവൈസർമാർക്കും വിവര ശേഖരണം നടത്തുന്ന എന്യൂമറേറ്റർമാർക്കും വേണ്ടി നടത്തുന്ന ബ്ലോക്ക്തല പരിശീലന പരിപാടിയിൽ ഭക്ഷണം നൽകിയ ഇനത്തിൽ [illegible] ₹9900 ഉം ലഘുലേഖ വിതരണം ചെയ്ത വകയിൽ [illegible] ₹2232 ഉം സർവ്വെ ഫോറങ്ങൾ അച്ചടിച്ച വകയിൽ ഇരിട്ടി [illegible] ഗ്രാഫിക്സിന് ₹6500 ഉം ബാനർ തയ്യാറാക്കിയ വകയിൽ ഇരിട്ടി [illegible] പ്രിന്റേഴ്സിന് ₹500 ഉം മാസ്റ്റർ ട്രെയിനർമാരായ ശ്രീ. [illegible], ശ്രീ. [illegible], ശ്രീ. [illegible] എന്നിവർക്ക് ₹750 വീതം ₹2250 ഉം ഓണറേറിയമായി

₹1260 രൂപ ചേർത്ത് ആകെ ₹22642 ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തലത്തിലുള്ള സമഗ്രവിവരങ്ങൾ സർവ്വേയിലൂടെ ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആസൂത്രണം ചെയ്ത പദ്ധതിയുമായി ബന്ധപ്പെട്ട ഉൽപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ വിവര സഞ്ചയിക റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ചെലവുരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി 10-07-2024 ന് നൽകിയ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ചെലവു രേഖകൾ ഹാജരാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട ഉൽപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും വിവര സഞ്ചയിക റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹22642 രൂപ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം നിരാകരിക്കേണ്ടതാണ്.

## 1-19 എ ബി സി പദ്ധതി - ജില്ലാ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ ₹200000 ജില്ലാ പഞ്ചായത്തിന്റെ ഷെയർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 32/24, എ ബി സി പ്രവർത്തനങ്ങൾ വിഹിതം നൽകൽ |
| അടങ്കൽ | ₹200000 വികസന ഫണ്ട് ജനറൽ |
| ചെലവ്, ബിൽ നമ്പർ, തീയതി (എ സി ആർ പ്രകാരം) | ₹200000, 68/08-9-2023 |

തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 10-07-2024 ന് 5-ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന് തുക വിനിയോഗിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം അയക്കുന്നതാണ് ജില്ലാ പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളതെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. രേഖകളുടെ അഭാവത്തിൽ ₹200000 രൂപ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം നിരാകരിക്കേണ്ടതാണ്.

## 1-20 സ്മാർട്ട് ഐ ഫേസ് 1 – പൊതു ഇടങ്ങളിൽ സിസി ടിവി സ്ഥാപിക്കൽ (സ്പിൽ ഓവർ) - വിനിയോഗവിവരം ലഭ്യമാക്കിയില്ല.

ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ട് നമ്പർ 592/23, സ്മാർട്ട് ഐ - പൊതു ഇടങ്ങളിൽ സിസി ടിവി സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന വേണ്ടി ₹177000 ബ്ലോക്ക് വിഹിതം കൈമാറുന്നതിന് നിർവ്വഹണ

നൽകിയതുമില്ല. ആ വർഷം ബ്ലോക്ക് പഞ്ചായത്ത് തുക കൈമാറിയതുമില്ല. തുക ലഭ്യമാക്കുന്നതിനായി 24-6-2023 ന് ജില്ലാ പഞ്ചായത്ത് JSI-4470/2022 നമ്പർ കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദവർഷം സ്ട്രീറ്റ് ലൈറ്റ് പ്രോജക്ട് നടപ്പിലാക്കിയതിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 01-6-2023 തീയതിയിലെ SO 118/24 നമ്പർ നടപടിക്രമങ്ങൾ പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിന് തുക നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ, പേര് | 118/24, സ്മാർട്ട് ലൈറ്റ് ഫേസ് 1 – പൊതു ഇടങ്ങളിൽ സി സി ടി വി സ്ഥാപിക്കൽ (സ്ട്രീറ്റ് ലൈറ്റ്) |
| അടങ്കൽ | ₹177000 വികസന ഫണ്ട്, ജനറൽ |
| ചെലവ്, ബിൽ നമ്പർ, തീയതി (എ സി ആർ പ്രകാരം) | ₹177000, 47/05-08-2023 |

പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, തുകയുടെ വിനിയോഗ വിവരം, ഇതുവരെയുള്ള പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിനായി 10-07-2024 ന് നൽകിയ 4 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ഫണ്ട് വിനിയോഗിക്കുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം അയക്കേണ്ടതാണ് ജില്ലാ പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളത് എന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിവരം, ഇതുവരെയുള്ള പ്രവൃത്തി മോണിറ്റർ ചെയ്തതിന്റെ റിപ്പോർട്ട് എന്നിവ മറുപടിയിൽ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹177000 രൂപ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 പാലമിത്തറാൽ കൈക്കുളങ്ങളും നിർമ്മാണം-സ്വകാര്യ ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തി ഗ്രാമ. ബ്ലോക്ക് പഞ്ചായത്തിന് കൈമാറാതെ നിർമ്മാണപ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല 1999872/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) തുക പ്രയോജനപ്പെടുത്തി 1999872 രൂപ ചെലവഴിച്ച് പാലമിത്തറാൽ കൈക്കുളങ്ങളും നിർമ്മാണം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 51/24 |
| പ്രോജക്ടിന്റെ പേര് | പാലമിത്തറാൽ കൈക്കുളങ്ങളും നിർമ്മാണം |

| | |
|---|---|
| അടങ്കൽ തുക | ₹20,00,000<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് (ജനറൽ) |
| പി എ സി തുക | ₹16,94,813 |
| ചെലവ് തുക | ₹1999872<br>(ജി എസ് ടി ഉൾപ്പെടെ) |
| ബിൽ നമ്പർ,തീയതി | **286/ 27-03-2024 (എ സി ആർ പ്രകാരം)**<br>CB Vr.No -19/03-2024 Dated 27-03-2024 (ക്യാഷ് ബുക്ക് പ്രകാരം) |
| കരാറുകാരന്റെ പേര് | വിശാഖ് ആന്റണി |
| കരാർ നമ്പർ,തീയതി | AE/LSGD/2/2023-24, തീയതി 02-05-2023 |
| പൂർത്തീകരണ കാലാവധി | 1 വർഷം |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 26-03-2024 |

പ്രോജക്ട് നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

പ്രസ്തുത കളം ബ്ലോക്ക് പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത കളം ഉൾപ്പെട്ട ആറളം അംശം ദേശത്ത് റീ സർവെ നമ്പർ 304-ൽ ഉൾപ്പെട്ട 0.1813 ഹെക്ടർ ഭൂമി കീഴ്പ്പള്ളി പാലരിഞ്ഞാൽ മഹാദേവക്ഷേത്രത്തിന്റെ കൈവശത്തിലുള്ളതാണെന്ന് ആറളം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും ടി കളം ആറളം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് സമ്മതമാണെന്ന കീഴ്പ്പള്ളി പാലരിഞ്ഞാൽ മഹാദേവക്ഷേത്ര കമ്മറ്റി സെക്രട്ടറി/പ്രസിഡണ്ട് നൽകിയ കത്ത് പരിഗണിച്ച് പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് ആറളം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 29-03-2023 തീയതിയിലെ 2/3/2023 നമ്പർ തീരുമാനപ്രകാരം തീരുമാനിച്ചതിന്റെഅടിസ്ഥാനത്തിലാണ് പ്രസ്തുത പ്രോജക്ട് നിർവഹണം നടത്തിയതെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 12/11-07-2024) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. എന്നാൽ സ്വകാര്യ ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത കളം ആറളം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. നിർമ്മാണം പൂർത്തിയായ കളത്തിന്റെ പരിപാലന ചുമതല നൽകിയ കമ്മറ്റികളെയോ ഉത്തരവാദപ്പെട്ടവരെയോ ഏൽപ്പിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. കളം ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിലെ ആറളം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കാത്തതിനാൽ 1999872/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം നിവൃത്തിക്കേണ്ടതാണ്.

## 1-22 ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടില്ലാത്തതും ജില്ലാ പഞ്ചായത്തിനോ ഗ്രാമ പഞ്ചായത്തിനോ നിയന്ത്രണമില്ലാത്തതുമായ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് തയ്യാറാക്കി നിർവഹണം നടത്തിയതിലെ അപാകം.

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, നിർമ്മൽ പുരസ്കാരം എന്നീ ഫണ്ടിനങ്ങളിൽ നിന്നും തുക ചെലവഴിച്ച് എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിൽ ടോയ്‌ലറ്റ്, കുടിവെള്ളസൗകര്യം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് വിവരങ്ങൾ | ചെലവ് വിവരം | ചെലവ് തുക (₹) |
|---|---|---|---|
| 1 | കൂടാളി ഹയർ സെക്കണ്ടറി സ്കൂൾ ടോയ് ലെറ്റ് സമുച്ചയവും അനുബന്ധ സൗകര്യങ്ങളും (പ്രോജക്ട് നമ്പർ-81/24 സ്പിൽ ഓവർ) അടങ്കൽ : ₹8,00,000/- (ധനകാര്യകമ്മീഷൻ അവാർഡ്-ബേസിക്) | ബിൽ നമ്പർ, തീയതി : 65/ 24-08-2023, ₹6,74,248 (എം ബി ബുക്ക് പ്രകാരം) | 1,24,879 (ഒന്നാം പാർട്ട് ബിൽ 2022-23 സാമ്പത്തികവർഷം നൽകിയത്) 6,74,248 (ഫൈനൽ ബിൽ,CB Vr.No-1/09-2023 Dated (02-09-2023) ആകെ-7,99,127 |
| 2 | കൂടാളി സ്കൂൾ ടോയ് ലെറ്റ് പൂർത്തീകരണം (പ്രോജക്ട് നമ്പർ-100/24 സ്പിൽ ഓവർ) അടങ്കൽ : ₹2,30,000/- (നിർമ്മൽ പുരസ്കാർ വിഹിതം) | CB Vr.No-5/11-2023 Dated 21-11-2023) ₹2,29,891 | 2,29,891 |
| 3 | പട്ടാനൂർ യു.പി സ്കൂളിന് ടോയ് ലെറ്റ് (പ്രോജക്ട് നമ്പർ-135/24 ) അടങ്കൽ : ₹7,75,675/- | ബിൽ നമ്പർ,തീയതി : 141/ 03-01-2024 | 5,61,898 |

| | | | |
|---|---|---|---|
| | (ധനകാര്യകമ്മീഷൻ അവാർഡ്-ജനറൽ) | (എ സി ആർ പ്രകാരം), CB Vr.No-4/01-2024 Dated 10-01-2024) ₹561898 | |
| 4 | വെള്ളറിയൽ യു.പി സ്കൂളിന് കഞ്ഞിപ്പുര പദ്ധതി (വടമ ഗ്രാമപഞ്ചായത്ത്) (പ്രോജക്റ്റ് നമ്പർ-90/24 ) അടങ്കൽ : ₹5,00,000/- (ധനകാര്യകമ്മീഷൻ അവാർഡ്- ജനറൽ) | ബിൽ നമ്പർ,തീയതി : 61/ 19-08-2023 (എ സി ആർ പ്രകാരം), 21744 | 4,46,349 (ഒന്നാം പാർട്ട് ബിൽ 2022-23 സാമ്പത്തികവർഷം നൽകിയത്) 21744 (കൈമാറ്റ ബിൽ,CB Vr.No-12/08-2023 Dated 23-08-2023) ആകെ- ₹4,68,093 |

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172 ഉപവകുപ്പ് 1, പട്ടിക 4-ൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഇത് പ്രകാരം മേൽ വിഷയത്തിൽപ്പെട്ട സ്കൂളുകളും ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. എയ്ഡഡ് സ്കൂളുകൾ ഗ്രാമ പഞ്ചായത്തിന്റെയും നിയന്ത്രണ പരിധിയിൽ ഉൾപ്പെടുന്നതല്ല. ത്രിതല പഞ്ചായത്തുകൾക്ക് യാതൊരുവിധ നിയന്ത്രണവുമില്ലാത്തതാണ് എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകൾ. 14-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ-സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ.84/2022/ തസ്വഭവ. തീയതി 19/04/2022ലെ ഖണ്ഡിക 8-6 (11) പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ടോയ്‌ലറ്റും മൂത്രപ്പുരയും [illegible] ശുചിത്വ സൗകര്യവും ഏർപ്പെടുത്തിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അതേ ഖണ്ഡിക 8-6 (12) പ്രകാരം സർക്കാർ ഹൈസ്കൂളിനോട്/ഹയർസെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ.പി, യു.പി സ്കൂളുകളുടെ പശ്ചാത്തല വികസന പദ്ധതികൾ ജില്ലാ പഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് അനുമതി നൽകാവുന്നത് അവരുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾക്ക് മാത്രമാണ്. ആയതിനാൽ മാനേജ്മെന്റ് സ്കൂളുകൾ ഇവയിൽ ഉൾപ്പെടില്ല. ഖണ്ഡിക 8-6 (13) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ.പി, യു.പി സ്കൂളുകളിലെ പശ്ചാത്തല വികസന പദ്ധതികൾ മാത്രമാണ് ഗ്രാമ പഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് വ്യക്തമാക്കിയിട്ടുണ്ട്. മാനേജ്മെന്റ് സ്കൂളുകളിലൊന്നും ഗ്രാമപഞ്ചായത്തിന് നിയന്ത്രണമില്ല. ആയതിനാൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി മേൽ പരാമർശിച്ച സ്വകാര്യ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിൽ ടോയ്‌ലറ്റ് ബ്ലോക്ക്, അടുക്കള എന്നിവയ്ക്ക് വേണ്ടിയുള്ള നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 11/11-07-2024) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ സ്കൂളുകൾക്ക് വേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക വകയിരുത്തിയതിന് ശേഷമാണ് എയ്ഡഡ് സ്കൂളുകളിലെ നിർമ്മാണത്തിന് വേണ്ടി തുക വകയിരുത്തിയതെന്ന് അറിയിക്കുകയുണ്ടായി. സർക്കാർ മാനദണ്ഡങ്ങൾ മറികടന്നുള്ള ഇത്തരം സഹായങ്ങൾ അംഗീകരിക്കാവുന്നതല്ല. മേലധികാരികളുടെയും ഓഡിറ്റ് ഓഫീസറുടെ

നിർവ്വഹണോദ്യോഗസ്ഥരും ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മുൻപ് വിശദ പഠനവും കൂടുതൽ ജാഗ്രതയും പുലർത്തേണ്ടതും സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രം ഏറ്റെടുക്കേണ്ടതുമാണ്.

## 1-23 സ്ത്രീ പദവി പഠനം- അന്തിമ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.80142 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സ്ത്രീ പദവി പഠനം എന്ന പ്രോജക്ടിൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസനപദ്ധതി ഓഫീസർ. |
| പ്രോജക്ട് നമ്പർ, പേര് | 133/24, സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹150000/- തനത് ഫണ്ട് |
| ചെലവ് | ₹ 80142<br>Vr. No. 22300618- 6/3/24 – 37810 /-<br>Vr.No.22300643- 25/3/24- 36405/-<br>Bill No. 83- 18/ 10 / 23 - 4775/-<br>Vr. No. 22300482-9/10/23 - 1152/- |

ഈ പദ്ധതി പ്രകാരം മേൽ തുക ചെലവഴിച്ച് വിവിധ വാർഡുകളിലായി സ്ത്രീ പദവി പഠനത്തിനായി ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ ക്ലാസുകളിൽ നിന്നും ഉയർന്നുവന്ന ആശയങ്ങളും സ്ഥിതിവിവര കണക്കുകളും മറ്റും അനുസരിച്ച് തയ്യാറാക്കേണ്ടിയിരുന്ന പഠന റിപ്പോർട്ട് നാളിതുവരെയായി തയ്യാറാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 8/10-7-24) ലഭ്യമാക്കിയ മറുപടിയിൽ പഠന റിപ്പോർട്ട് കരട് തയ്യാറാക്കിയിട്ടുണ്ടെന്നും, അന്തിമ പഠന റിപ്പോർട്ട് ഈ സാമ്പത്തിക വർഷം പ്രസിദ്ധീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അന്തിമ പഠന റിപ്പോർട്ട് ഹാജരാക്കാത്തതിനാൽ 80142 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഠന റിപ്പോർട്ട് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 ആശുപത്രികൾക്ക് ധനസഹായം -പാലിയേറ്റീവ് പ്രോജക്ട് 2023-24,സി.എച്ച്.സി. കീഴ്പ്പള്ളി അടിസ്ഥാന സൗകര്യ വികസനം - മരുന്ന് ലഭ്യമായിട്ടില്ല.8,53,602 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ,സി എച്ച് സി.കീഴ്പ്പള്ളി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ മുൻകൂറായി തുക കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയതല്ലാതെ മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.

| | 1 | 2 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കീഴ്പ്പള്ളി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കീഴ്പ്പള്ളി |

| | | |
|---|---|---|
| പ്രോജക്ട് നമ്പർ / പേര് | 40/24 ആശുപത്രികൾക്ക് മരുന്ന് - പാലിയേറ്റീവ് പ്രോജക്ട് 2023-24 | 39/24 അടിസ്ഥാന സൗകര്യ വികസനം 2023-24 |
| അടങ്കൽ | ₹1000000 വികസന ഫണ്ട് – പൊതു വിഭാഗം | ₹800000 ധനകാര്യ കമ്മീഷൻ അവാർഡ് ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹1000000 | ₹800000 |
| ബിൽ നമ്പർ / തീയതി | 1. BRN നമ്പർ : 23220663006500834527/24-11-2023 = ₹225800<br>2. BRN നമ്പർ : 23220663006501044303/09-01-2024 = ₹435060<br>3. BRN നമ്പർ : 23220663006501125961/27-01-2024 = ₹321132<br>4. BRN നമ്പർ : 23220663006501519788/25-03-2024 = ₹18008 | 2-1 ₹ 186372, 3/23-12-2023<br>2-2 ₹ 94066, 5/27-01-2024<br>2-3 ₹ 89285, 7/11-03-2024<br>2-4 ₹ 234661, 8/15-03-2024<br>2-5 ₹ 153962, 9/15-03-2024<br>2-6 ₹ 41654, 10/20-03-2024 |

മേൽ പ്രോജക്ട് (1) പ്രകാരം ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സാന്ത്വന പരിചരണത്തിനായി മേൽ പട്ടികയിൽ കാണിച്ച ക്രമ നമ്പർ 2,3 പ്രകാരം മരുന്ന് വാങ്ങുന്നതിന് ₹7,56,192/- (₹435060 + ₹321132) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയിസ് നമ്പർ PRF-2867/29-12-2023, PRF-3386/24-01-2024 അനുസരിച്ച് KMSCLന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ₹756192 തുക മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. മേൽ പ്രോജക്ട് (2) പ്രകാരം ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സി.എച്ച്.സി. കീഴ്പ്പള്ളി അടിസ്ഥാന സൗകര്യ വികസനം പദ്ധതിയുടെ ഭാഗമായി മേൽ പട്ടികയിൽ കാണിച്ച ക്രമ നമ്പർ 2-5 പ്രകാരം മരുന്ന് വാങ്ങുന്നതിന് ₹97410 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയിസ് നമ്പർ PRF-4902/11-03-2024 അനുസരിച്ച്

KMSCLന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ₹97410 രൂപ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 15-07-2024 ന് നൽകിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 8,53,602 രൂപയുടെ (₹756192 + ₹97410) ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി KMSCL ൽ തുക അഡ്വാൻസ് ആയി ലഭിച്ച ശേഷമാണ് മരുന്നുകൾ വിതരണം ചെയ്യുന്നത് എന്നും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 1-25 ആരോഗ്യവകുപ്പിന്റെ അനുമതി ലഭിച്ചില്ല-സി എച്ച് സി കീഴ്പ്പള്ളി ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

സി. എച്ച്. സി. കീഴ്പ്പള്ളി ഡയാലിസിസ് കേന്ദ്രം അനുബന്ധ സൗകര്യം ഒരുക്കൽ പ്രോജക്ട് പ്രകാരം 2203765/- രൂപ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചതായി കാണുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കീഴ്പ്പള്ളി |
| പ്രോജക്ട് നമ്പർ / പേര് | 41/24 സി എച്ച് സി കീഴ്പ്പള്ളി ഡയാലിസിസ് കേന്ദ്രം അനുബന്ധ സൗകര്യം ഒരുക്കൽ |
| അടങ്കൽ | ₹2203765 സംസ്ഥാന ഗ്രാന്റ് നോൺ റോഡ് |
| ചെലവ് | 00 |

സി എച്ച് സി കീഴ്പ്പള്ളിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ മൂന്ന് വർഷങ്ങളിലും ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.(കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറിയ തുക)

| വർഷം | തുക |
|---|---|
| 2020-21 | 10,46,262 |
| 2021-22 | 26,24,079 |
| 2022-23 | 57,52,806 |
| **ആകെ** | **1,04,69,409** |

പദ്ധതിക്ക് ഈ വർഷം തുക ചെലവഴിക്കാത്തതിന്റെ കാരണവും, ഡയാലിസിസ് കേന്ദ്രം പ്രവർത്തനസജ്ജമാക്കുന്നതിന് വേണ്ടി ഇതുവരെ സ്വീകരിച്ച നടപടികളും തൽസ്ഥിതി വിവരവും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 16-07-2024 ന് നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം സി എച്ച് സി കീഴ്പ്പള്ളിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ മൂന്ന് വർഷങ്ങളിലും ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്

എന്നും എന്നാൽ ടി ചെലവുകൾക്ക് നാളിതുവരെ ആരോഗ്യവകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടില്ല എന്നും അറിയിച്ചു. ആരോഗ്യ വകുപ്പിന്റെ പുതിയ മാർ ഗ്ഗനിർ ദ്ദേശങ്ങൾ അനുസരിച്ച് താലൂക്ക് തല ആശുപത്രികൾ ക്ക് മാത്രമാണ് നിലവിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ അനുമതി നൽ കിയിട്ടുള്ളത്. എന്നാൽ പുതിയ മാർ ഗ്ഗനിർ ദ്ദേശങ്ങൾ നിലവിൽ വരുന്നതിനു മുൻ പേ പ്രഖ്യാപിച്ച ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ ബ്ലോക്ക് പഞ്ചായത്ത് സർ ക്കാർ തലത്തിൽ സാധ്യമായ എല്ലാ ഇടപെടലുകളും നടത്തുന്നുണ്ട് എന്നും ബഹു.എം.എൽ.എ നിയമസഭയിൽ ഇക്കാര്യം അവതരിപ്പിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. സർ ക്കാർ അനുമതി ലഭ്യമാക്കി ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 കീഴ്പ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ-ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നില്ല

2010ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥനോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്ന് കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്ന മുറയ്ക്ക് അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് (സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, സി എസ് എൻ എൻ ബിൽ ഡിംഗ്, തിരു. കണ്ണൂർ-1) ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവ് ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. എന്നാൽ കീഴ്പ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ 2023-24 സാമ്പത്തിക വർഷം വരെയുള്ള വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം. 3/05/ആ.കു.വ. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് 12-07-2024 ന് നൽ കിയ 14-ാം നമ്പർ ഓഡിറ്റ് എൻ ക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം. 3/05/ ആ.കു.വ. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-27 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ സേവന പുസ്തകങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ കരാർ ജീവനക്കാരുടെ നിയമനം ഓരോ വർഷവും നിർവഹിച്ച് നൽകുന്നതിനാൽ കെ.എസ്.ആർ. ഭാഗം-1, അദ്ധ്യായം-8, ചട്ടം-1 ൽ പറയുന്ന പ്രകാരം അവധി ആനുകൂല്യങ്ങൾക്ക് അർഹരല്ല. കൂടാതെ 18/05/2011 ലെ സർക്കാർ നം.18805/MGNREGS.Cell.01/10/CRD തീയതി 18/05/2011 പ്രകാരം 15 ദിവസത്തെ ഡ്യൂട്ടിക്ക് 1 ആർജ്ജിതാവധി എന്ന നിലയിൽ ഒരു വർഷം പരമാവധി 15 അവധി എന്ന പരിധിക്ക് വിധേയമായി ആർജ്ജിതാവധിക്ക് അർഹരാണെന്നും ഇത്തരത്തിൽ ആർജ്ജിക്കപ്പെടുന്ന അവധി

വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കുറച്ച് നൽകി ഒരു സാമ്പത്തികവർഷം 30 ൽ കവിയാതെ ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതും ആണെന്ന് പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. ആർജ്ജിതാവധിയുൾപ്പെടെയുള്ള ഇനങ്ങളിലുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതിനാൽ സേവനപുസ്തകം കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിലെ കരാർ ജീവനക്കാർക്ക് സേവനപുസ്തകം തയ്യാറാക്കിയതായി കാണുന്നില്ല. സേവനപുസ്തകം ഇല്ലാതെ ജീവനക്കാരുടെ ലീവ് അക്കൗണ്ട് തയ്യാറാക്കിയതെങ്ങനെയെന്ന് വിശദമാക്കേണ്ടതാണ്. മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കരാർ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന താഴെ പറയുന്ന ജീവനക്കാർ 2023-24 സാമ്പത്തിക വർഷം ആർജ്ജിതാവധി സറണ്ടർ ചെയ്തതായി കാണുന്നുണ്ട്. എന്നാൽ ഇവർ അവധി സറണ്ടർ ചെയ്ത വിവരങ്ങൾ, ഇവരുടെ സേവനവുമായി ബന്ധപ്പെട്ട മറ്റ് അടിസ്ഥാന വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ സേവന പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

| പേര് | തസ്തിക | സറണ്ടർ തുക (₹) | ദിവസങ്ങൾ |
|---|---|---|---|
| ഗീതു സി ജി | അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12020/- | 15 |
| പ്രജിഷ കെ | അക്കൗണ്ടന്റ് കം ഐ ടി അസിസ്റ്റന്റ് | 12020/- | 15 |
| വിനിഷ കെ വി | [illegible] | 7500/- | 15 |
| ശ്രീജയ് ശ്രീധർ | അസി എഞ്ചിനീയർ | 9438/- | 9 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 15/12.7.2024 ) ലഭ്യമാക്കിയ മറുപടിയിൽ മേൽ ജീവനക്കാരുടെ സേവനപുസ്തകം തയ്യാറാക്കാൻ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ സേവന പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-28 ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടയ്ക്കുന്നതിനും വൃക്ഷരജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി അടച്ചിട്ടില്ല. മുഴുവൻ ഭൂമിയുടെയും നികുതി അടച്ച് രസീത് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ഭൂമിയിലെയും പുറമ്പോക്ക് ഭൂമിയിലെയും വിവിധ മരങ്ങളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തുന്ന വൃക്ഷരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-29 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ- അവലോകനം

സ.ഉ(ആർ.ടി)നം.1496/2020/തസ്വഭവ തീയതി 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ

വ്യക്തമാക്കിക്കൊണ്ട് സ.ഉ(ആർ.ടി) 880/2021/തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യങ്ങളുടെ ഉത്പ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുനഃചംക്രമണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം കൈവരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യം. ആയതിലേക്കായി പൗരന്മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ആയതിലൂടെ ഓരോ പ്രദേശത്തെയും മാലിന്യ വിമുക്തമാക്കുന്നതിനായി ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സംഘാടനം. ഈ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2023-24 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കുന്നതിനും മാലിന്യ സംസ്കരണത്തിനായി തില്ലങ്കേരി ഗ്രാമ പഞ്ചായത്തിലെ പടിക്കച്ചാൽ എന്ന സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള തില്ലങ്കേരി വ്യവസായ എസ്റ്റേറ്റിനുള്ളിൽ ആർ ആർ എഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) കേന്ദ്രം പ്രവർത്തിച്ച് വരുന്നുണ്ട്. ശുചിത്വവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു.

1. മാലിന്യ സംസ്കരണ രീതികളെ കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് തദ്ദേശസ്ഥാപന ബോധവത്കരണ ക്യാമ്പയിനുകൾ നടത്തുന്നതിന്റെ ഭാഗമായി 15-5-2024 ന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 26-6-2024 ന് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും മാലിന്യം വലിച്ചെറിയുന്നതിനെതിരെ ബോധവത്കരണത്തിന്റെ ഭാഗമായി ശുചിത്വ സന്ദേശ യാത്ര നടത്തുകയും റോഡുകളിൽ ശുചിത്വ സന്ദേശ സ്റ്റിക്കർ പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഏതെങ്കിലും രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല.

3. ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കാറുണ്ട്.

4) മാലിന്യ സംസ്കരണ മേഖലയിൽ 5 പേർക്ക് തൊഴിൽ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

5) മാലിന്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട് വരുമാന വർദ്ധനവിനായി തദ്ദേശ സ്വയംഭരണ സ്ഥാപനം നടപടികൾ (സ്ക്രാപ്പ് ഷോപ്പുകൾ, റിപ്പയറിംഗ് ഷോപ്പുകൾ മുതലായവ) സ്വീകരിച്ചിട്ടില്ല.

6) മാലിന്യ സംസ്കരണ മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തദ്ദേശസ്വയം ഭരണസ്ഥാപനം ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

7) ഹരിതകർമ്മ സേന അംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവും അറിവും വർദ്ധിപ്പിക്കാനും, പുരോഗതിയും വികസനവും ഉറപ്പാക്കുന്നതിനായി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ പരിശീലന പരിപാടികൾ നടത്തിയിട്ടില്ല.

8) തില്ലങ്കേരി ഗ്രാമ പഞ്ചായത്തിലെ പടിക്കച്ചാൽ എന്ന സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള തില്ലങ്കേരി വ്യവസായ എസ്റ്റേറ്റിനുള്ളിലാണ് ആർ ആർ എഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) കേന്ദ്രം പ്രവർത്തിച്ച് വരുന്നത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കുന്ന എംസിഎഫ് കളുടെ എണ്ണവും വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

I) RRF ന്റെ കെട്ടിട നമ്പർ 200 B, സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി 65 ആർ 96 Sqm, ആർ ആർ എഫിന്റെ വിസ്തൃതി 128 ചതുരശ്ര മീറ്റർ. ആയതിൽ ഡമ്പിംഗ് ഏരിയ, ബെയിലിംഗ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിംഗ് ഏരിയ, അജൈവ സംഭരണ ഏരിയ എന്നിവയുമായി RRF ന്റെ ആകെ വിസ്തൃതിയുടെ എത്ര ശതമാനം ഉപയോഗപ്പെടുത്തുന്നു എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

ii. RRF ന് ചുറ്റുമതിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

iii. RRF ലേക്ക് എത്തിച്ചേരുന്നതിന് റോഡ് സൗകര്യം ലഭ്യമാണ്.

iv. RRF പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നില്ല.

v. RRF ന്റെ പ്രവർത്തനം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് സാധിക്കാതെ വന്നിട്ടില്ല.

| ക്രമ നം | മെഷീനറിയുടെ പേര് | മെഷീൻ സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുക (₹) | സ്ഥാപിച്ച തീയതി | മെഷീന്റെ ഉപയോഗം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ ആയതിന്റെ കാരണം. |
|---|---|---|---|---|
| 1 | ബെയിലിംഗ് മെഷീൻ | 534492.00 | 07-10-2020 | - |
| 2 | ഇലക്ട്രോണിക് വെയിംഗ് സ്കെയിൽ | 11564.00 | 20-02-2023 | - |

9) ഹരിത കർമ്മ സേനാംഗങ്ങൾക്ക് വീടുകളിൽ നിന്ന് പാഴ്‌വസ്തുക്കൾ RRF-ലേയ്ക്ക് കാര്യക്ഷമമായും സമയബന്ധിതമായും എത്തിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നില്ല.

10) മാലിന്യം കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്ക് മാസ്ക്, ഗ്ലൗസ്, ബൂട്ട് എന്നിവ ലഭ്യമാക്കുന്നുണ്ട്.

11) പരിസരത്തിൽ സംരക്ഷണം ഉറപ്പാക്കുന്നതിന് [illegible] ഒരു ഭാഗത്തിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

12) മാലിന്യ സംസ്കരണം

I. കാര്യക്ഷമമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനായി ക്ലീൻ കേരള കമ്പനി RRF ൽ നിന്ന് സമയബന്ധിതമായി മാലിന്യം ശേഖരിക്കുന്നുണ്ട്. 2023-24 വർഷം ക്ലീൻ കേരള കമ്പനിക്ക് കൈമാറിയ മാലിന്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| 2023-24 വർഷം | മാലിന്യത്തിന്റെ അളവ് |
|---|---|
| ഏപ്രിൽ | 8542.350 Kg |
| മെയ് | 15107.050 Kg |
| ജൂൺ | 11823.250 Kg |
| ജൂലൈ | 11829.500 Kg |
| ആഗസ്റ്റ് | 8381.050 Kg |
| സെപ്റ്റംബർ | 13803.900 Kg |
| ഒക്ടോബർ | 10446.150 Kg |
| നവംബർ | 15193.350 Kg |
| ഡിസംബർ | 7970.350 Kg |

| | |
|---|---|
| ജനുവരി | 12666 Kg |
| ഫെബ്രുവരി | 20771.350 Kg |
| മാർച്ച് | 15095.650 Kg |
| ആകെ | 151629.950 Kg |

ii. മാസത്തിൽ ഇരുപത് ദിവസങ്ങളിലോളം ഗ്രാമ പഞ്ചായത്തുകളിൽ നിന്നും അജൈവ മാലിന്യം കൊണ്ടുവരുന്നതിന് എന്നതിനാൽ RRF ൽ മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥ ഇല്ല. കെട്ടിടത്തിൽ എത്തിച്ച മാലിന്യം ഒരു നന്നായാണ് സൂക്ഷിച്ചിട്ടുണ്ട്.

iii. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള RRF ൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ലെങ്കിലും വ്യവസായ എസ്റ്റേറ്റിലെ മുറി ആയതിനാൽ സ്ഥല സൗകര്യം കുറവാണ്. വ്യവസായ എസ്റ്റേറ്റിൽ തന്നെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപ അടങ്കലിൽ പദ്ധതി വെച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

13. റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ പ്രവർത്തന പരിപാലനത്തിനായി 2024 ഏപ്രിൽ മാസം 30-ാം തീയതി ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന് വേണ്ടി സെക്രട്ടറി ഒന്നാംകക്ഷിയായും ക്ലീൻ കേരള കമ്പനിക്ക് വേണ്ടി മാനേജിംഗ് ഡയറക്ടർ രണ്ടാം കക്ഷിയായും ഒപ്പുവെച്ച് തയ്യാറാക്കിയ പുതുക്കിയ കരാർ ഉടമ്പടിയിലെ 28.3.13 വ്യവസ്ഥ പ്രകാരം പുനഃചംക്രമണയോഗ്യമായ പ്ലാസ്റ്റിക്കുകളുടെ വിപണനം വഴി ലഭിക്കുന്നതും ആർ.ആർ.എഫ് കളിൽ എത്തുന്നതും എന്നാൽ അവിടെ സംസ്കരണ സാധ്യത ഇല്ലാത്തതുമായ പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, പുനഃചംക്രമണ സാധ്യമായ അജൈവ മാലിന്യങ്ങൾ എന്നിവ വിറ്റഴിച്ചു ലഭിക്കുന്ന വരുമാനത്തിൽ നിന്നും ആർ.ആർ.എഫിന്റെ പ്രവർത്തന പരിപാലനത്തിന് ചെലവാകുന്ന തുകയും പുനഃചംക്രമണ സാധ്യമല്ലാത്ത അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനായി ചെലവാകുന്ന തുകയും കഴിച്ചുള്ള ലാഭത്തിന്റെ 50% ക്ലീൻ കേരള കമ്പനി ബ്ലോക്ക് പഞ്ചായത്തിന് നൽകണം. എന്നാൽ നാളിതുവരെയായി ബ്ലോക്ക് പഞ്ചായത്തിന് ഈ വിധത്തിൽ വരുമാനം ലഭിച്ചിട്ടില്ല. കരാർ ഉടമ്പടിയിലെ വ്യവസ്ഥ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വരുമാനം ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാലിന്യസംസ്കരണ മേഖലയിൽ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16 KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16 KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 09.07.24മുതൽ 10.07.24വരെ | നം.കെ.എസ്.എ/കെ.എൽ.ആർ/ സി.12/1188/2024 തീയതി 04.09.2024 |

ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 29/05/2024 ലെ 2(1)/24-25 നം. തീരുമാന പ്രകാരം അംഗീകരിച്ച് AIMS സോഫ്റ്റ്‌വെയറിൽ 06-06-2024 തീയതിയിൽ ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക പരിശോധിച്ച് വിശദീകരണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2023-24) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2023-24 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ നമ്പർ, പേര് | മുന്നിരിപ്പ് ഉൾപ്പെടെ ആകെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | കൂടാളി ഗ്രാമപഞ്ചായത്ത് | 2023-24 | 1,07,435 | 80/24,ആരോഗ്യ [illegible] പദ്ധതി [illegible] നിർമ്മാണം (കൂടാളി ഗ്രാമപഞ്ചായത്ത് വിഹിതം) | 0 | 1,07,435 | 0 |

റിമാർക്സ് :-സംയുക്ത പദ്ധതികൾക്കായി വകയിരുത്തിയ തുക കൂടാളി ഗ്രാമപഞ്ചായത്ത് നേരിട്ട് കരാറുകാരന്റെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണുണ്ടായത്.ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് സ്വന്തം ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 നഷ്ടം / ധനാപഹരണം

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാകാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 55 | 2000-2001 | IV-115 | റോഡ് പണിക്ക് അധികതുക നൽകി | പരാമർശം നിലനിൽക്കുന്നു. |
| 1999-2000 | 45 | 2002-2003 | VII-12(12)(I) | നിർവഹണ ഉദ്യോഗസ്ഥൻ അനധികൃതമായി പണം സൂക്ഷിച്ചു. | പരാമർശം നിലനിൽക്കുന്നു. |
| | 55.56 | 2002-2003 | VII-12(12)(II) | സെൻട്രൽ ഫണ്ട് പ്രവൃത്തി -അധികതുക നൽകി | പരാമർശം നിലനിൽക്കുന്നു. |
| 2000-2001 | 28 | 2004-2005 | 3-II-1 | പാച്ചിങ് വർക്ക്-ചെലവിൽ ക്രമക്കേട് | പരാമർശം നിലനിൽക്കുന്നു. |
| 2002-2003 | 3-2 | 2006-2007 | 3-98-1 | ക്രമവിരുദ്ധമായി സബ്സിഡി നൽകി | പരാമർശം നിലനിൽക്കുന്നു. |
| | 3-4 | 2006-2007 | 3-98-2 | പട്ടികവർഗ്ഗ കോളനികളിൽ ഭവനനിർമ്മാണം- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. |

## 4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യാഘാതം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 50779798 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59716451 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3020 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3382558 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യേണ്ടത് | സർചാർജ് ചെയ്യേണ്ടത് | |
| 1-15 | | 3020 | ശ്രീമതി.മിനിമോൾ.പി.പി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | | 3020 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 49300 | ശ്രീമതി.മിനിമോൾ.പി.പി, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. |
| 1-18 | 22642 | ശ്രീമതി.മിനിമോൾ.പി.പി, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. |
| 1-19 | 200000 | ശ്രീമതി.മിനിമോൾ.പി.പി, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. |
| 1-20 | 177000 | ശ്രീമതി.മിനിമോൾ.പി.പി, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. |
| 1-21 | 1999872 | ശ്രീ നിതിൻ.ആർ.ടി, അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ് ജി ഡി, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്. |
| 1-23 | 80142 | ശ്രീമതി സിബി അപ്പൻ, സി ഡി പി ഒ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്. |
| 1-24 | 853602 | ഡോ: പ്രിയ സദാനന്ദൻ, മെഡിക്കൽ ഓഫീസർ, സി എച്ച് സി, കീഴ്പ്പള്ളി |
| **ആകെ** | 3382558 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ ഉടനടി അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / ക്രമക്കേടിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ നിധിൻ.ആർ.ടി, അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്. | പൂക്കോട്, പാളക്കാരി, [illegible] (പി.ഒ), കണ്ണൂർ ജില്ല. |
| ഡോ.പ്രിയ സദാനന്ദൻ, മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കീഴ്പ്പള്ളി, ഇരിട്ടി. | താലൂക്ക് ഹോസ്പിറ്റലിന് സമീപം, പേരാവൂർ (പി.ഒ), കണ്ണൂർ ജില്ല. |
| ശ്രീമതി.[illegible].പി.പി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. | ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. | അശ്വതി, [illegible] നഗർ, [illegible] (പി.ഒ), [illegible], കണ്ണൂർ ജില്ല. |
| ശ്രീമതി ബിജി തങ്കപ്പൻ, സി.ഡി.പി.ഒ | സി.ഡി.പി.ഒ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്. | [illegible], [illegible], പേരാവൂർ (പി.ഒ) |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ/കെ.എൽ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 12 |
| 2000-01 | കെ.എസ്.എ/കെ.എൽ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 1 |
| 2002-2003 | കെ.എസ്.എ/കെ.എൽ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 2 |
| 2003-04 | കെ.എസ്.എ/കെ.എൽ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 2 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 5 |
| 2005-06 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 5 |
| 2006-07 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 5 |
| 2007-08 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 6 |
| 2008-09 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 2 |
| 2009-10 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 3 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 1 |
| 2012-13, 2013-14, 2014-15 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 1 |
| 2015-16 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 3 |
| 2016-17 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 1 |
| 2017-18 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 4 |
| 2018-19 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 895/2019 തീയതി 14-07-2023 | 12 |
| 2019-20 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 1652/22 തീയതി 22.05.2023 | 16 |
| 2020-21 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി.10/ 1653/2022 തീയതി 22.05.2023 | 22 |
| 2021-22 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി 10/1143/2023 തീയതി 20.01.2024 | 27 |
| 2022-23 | കെ.എസ്.എ/കെ.എസ്.ആർ.ആർ/സി 10/1818/2023 തീയതി 15.12.2023 | 11 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1)/24-25 dated 2(1)/24-25 dated 29-05-2024 and submitted on 06-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Iritty Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given, I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Iritty Block Panchayat as on 31-03-2024

**Date: 04/09/2024** **Senior Deputy Director**

Kerala State Audit Department

# Audit Report appended to the Audit Certificate of Iritty Block Panchayat for the Year 2023-2024.

## 1.Major Observations

Nil

## 2.Other Observations

1.cash flow statement- Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
2.Mandatory financial statements prescribed in accounting rules are not submitted for audit .Notes including significant accounting policies, contingent liabilities, financing reports and other disclosures, basic ratios are not made part of the annual financial statements.
3. Deposit register annual abstract has not been prepared.
4. comparative amounts of the preceding year have not been recorded in the AFS
5.Honorarium and salary of the part time staff for the month of March are not included in the liability head.
6. Expenditure amount differ in the Annual Financial Statement, ACR, Grant Statement and Sulekha Expenditure Statement.
7.MNREGA bank account is not included in the AFS
8. Project. No. (100/2024) Expenditure not included in Sulekha Expenditure statement
9.Sulekha Expenditure statement does not include the entire expenditure under the Keralolsavam 2023 scheme (Pro. No. 1/2024)
10.Prior Period Income. (Schedule I-18) supporting documents not maintained .
11. Asset register is not kept up-to-date by carrying out valuation of assets of the institution as per instructions vide Govt.G.O(MS) 152/2011 dated 6/07/2011. Hence it is not clear whether the value of the assets shown in the annual accounts are correct.
Depreciation is provided by assets not owned by the block panchayath vide B-11 Schedule. Example Rs 10,297,878 is shown under roads and bridges.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1
## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Iritty Block Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2023 to 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 23256574.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 13000000 | Rental income from Panchayat Properties | RP-3 | 30000.00 |
| 14000000 | Fees & User Charges | RP-4 | 145518.00 |
| 15000000 | Sale & Hire Charges | RP-5 | 29150.00 |
| 16000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36627493.00 |
| 17100000 | Interest Earned | RP-9 | 161851.00 |
| 32000000 | Grants, Funds & Contributions for Specific Purposes | RP-31 | 9029929.00 |
| 35000000 | Other Liabilities | RP-36 | 36456.00 |
| | **Non Operating** | | |
| 34000000 | Deposits Received | RP-34 | 278920.00 |
| 35000000 | Other Liabilities | RP-36 | 447156.00 |
| 43100000 | Sundry Debtors (Receivables) | RP-43 | 1482085.00 |
| 46000000 | Loans, Advances and Deposits | RP-47 | 2511240.00 |
| | **Grand total** | | **74036372.00** |
| | **PAYMENTS** | | |
| | **Operating** | | |
| 21000000 | Establishment Expenses | RP-11 | 4790478.00 |
| 22000000 | Administrative Expenses | RP-12 | 1361539.00 |
| 23000000 | Operations & Maintenance | RP-13 | 1211461.00 |
| 25000000 | Decentralised Plan Programme-Productive Sector | RP-15 | 6894625.00 |
| 25100000 | Decentralised Plan Programme-Service Sector | RP-16 | 19430766.00 |
| 25200000 | Decentralised Plan Programme-Infrastructure Sector | RP-17 | 3370032.00 |
| 25300000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 1151210.00 |
| 25500000 | Maintenance Projects | RP-20 | 11787.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| 350000000 | Other Liabilities | RP-36 | 1110851.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 235.00 |
| 350000000 | Other Liabilities | RP-36 | 941586.00 |
| 410000000 | Fixed Assets | RP-38 | 438209.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 7558007.00 |
| 460000000 | Loans, Advances and Deposits | RP-47 | 1435665.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 14319921.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | 74036372.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

**Iritty Block Panchayat INCOME & EXPENDITURE STATEMENT**

For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1552700.00 |
| 140000000 | Fee & User Charges | I-4(b) | 172653.00 |
| 150000000 | Sale & Hire Charges | I-5(b) | 29150.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 48150788.00 |
| 171000000 | Interest Earned | I-8 | 161851.00 |
| 180000000 | Other Income | I-9 | 32400.00 |
| | **Total Income** | | 50099542.00 |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 4784252.00 |

| | | | |
|---|---|---|---|
| 22000000 | Administrative Expenses | I-11(b) | 1393765.00 |
| 23000000 | Operations & Maintenance | I-12(b) | 2561302.00 |
| 24000000 | Interest & Finance Charges | I-13 | 235.00 |
| 25000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10622283.00 |
| 25100000 | Decentralised Plan Programme-Service Sector | I-14(a) | 23745869.00 |
| 25200000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5222056.00 |
| 25300000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1558456.00 |
| 25500000 | Maintenance Projects | I-14(e) | 11787.00 |
| 26000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 27200000 | Depreciation | I-17(a) | 2594808.00 |
| | **Total Expenditure** | | **52504813.00** |
| | **Gross Surplus / Deficit of income over Expenditure** | | **-2405271.00** |
| 28000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 4371338.00 |
| | **Net difference (Prior period Income - Prior period Expenditure)** | | ***-6776609.00*** |
| 29000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

| Iritty Block Panchayat BALANCE SHEET<br>As on 31-March-2024 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 31000000 | Panchayat / Municipal Fund | B-1 | 38937054.00 |
| 31100000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 31200000 | Reserves | B-3 | 109607816.00 |
| | **Total Reserve & Surplus** | | **148544870.00** |
| | **Grants, Contributions for Specific Purposes** | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6543657.00 |
| | **Total Grants, Contributions for Specific Purposes** | | **6543657.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 2737906.00 |
| 350000000 | Other Liabilities | B-9 | 320238.00 |
| | **Total Current Liabilities and Provisions** | | **3058144.00** |
| | **TOTAL LIABILITIES** | | **158146671.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 158667232.00 |
| 411000000 | Accumulated Depreciation | B-11 | -23655290.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **135011942.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7685022.00 |
| 450000000 | Cash and Bank Balance | B-17 | 14319921.00 |
| 460000000 | Loans, Advances and Deposits | B-18 | 1129786.00 |
| | **Total Current Assets, Loans and Advances** | | **23134729.00** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **158146671.00** |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ